തിനും വേണ്ടി പരുത്തി കഴിനൂലിന് സംസ്ഥാന ഗവൺമെന്റ് സബ്സിഡി അനുവദിച്ചു വിതരണം ചെയ്തുവരുന്നു. ഉത്സവവിശേഷ അവസരങ്ങളിൽ വിപണനം നടത്തുന്ന കൈത്തറി തുണികൾക്ക് 20% റിബേറ്റ് നൽകിവരുന്നുണ്ട്.

പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടി

8 (*278)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വ്യവസായങ്ങൾ ആരംഭിക്കാൻ താൽപ്പര്യമുള്ള വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വ്യവസായങ്ങൾ ആരംഭിക്കാൻ താൽപ്പര്യമുള്ള വിദേശ വ്യവസായ സംരംഭകരെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കാൻ ക്ഷണിക്കുമോ;

(ഡി) ഇതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ സർക്കാർ തയ്യാറാകുമോ;

(ഇ) പുതുതായി വ്യവസായം ആരംഭിക്കാൻ വരുന്ന വ്യവസായ സംരംഭകർക്ക് വ്യവസായ ഇളവുകൾ അനുവദിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി) വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ നടപടിയെടുത്തു. ഇൻഫർമേഷൻ ടെക്നോളജി കമ്പനികളെയും ഇലക്ട്രോണിക്സ് കമ്പനികളെയും ആകർഷിക്കുന്നതിനായി ടെക്നോപാർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നു. 1998-ൽ ഐ.റ്റി.നയവും വ്യവസായനയവും പ്രഖ്യാപിച്ചു. ടെക്നോപാർക്കിൽ എസ്.ഐ.റ്റി.എം.എ. സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 20 കോടി രൂപയുടെ വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ട് രൂപീകരിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. ടെക്നോപാർക്ക് വ്യവസായ എക്സിബിഷനുകളിൽ പങ്കെടുക്കുന്നു. ദേശീയ അന്തർദേശീയ തലത്തിലുള്ള കമ്പനികളുമായി ബന്ധപ്പെടുകയും അവരുമായി നിരന്തരം ചർച്ചകൾ നടത്തുകയും ചെയ്യുന്നു. ടെക്നോപാർക്കിന്റെ വളർച്ചക്കായി ഒരു ജോയിന്റ് വെഞ്ചർ കമ്പനി ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ വ്യവസായ പാർക്കുകളുടെ നിർമ്മാണപ്രവർത്തനം കിൻഫ്ര നടത്തിവരുന്നു. വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ച് പൊതുമേഖലാ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നു. പുതിയ വ്യവസായ നയത്തിൽ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിക്കുന്ന വിശദവിവരം അനുബന്ധമായി നൽകിയിരിക്കുന്നു.+

(സി) അവരുമായി ബന്ധപ്പെടുകയും ക്ഷണിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) എല്ലാ അടിസ്ഥാന സൗകര്യങ്ങളുമൊരുക്കിയിട്ടുള്ള വ്യവസായ വളർച്ചാ കേന്ദ്രങ്ങളും വ്യവസായ പാർക്കുകളും സംസ്ഥാനത്ത് തയ്യാറാക്കിയിട്ടുണ്ട്. അവർക്കുവേണ്ട എല്ലാ സൗകര്യങ്ങളും നൽകാൻ കെ.എസ്.ഐ.ഡി.സി. കിൻഫ്ര, കെ.എഫ്.സി തുടങ്ങിയ ഏജൻസികളും സുസജ്ജമാണ്.

(ഇ) പുതിയ വ്യവസായ, ഐ.റ്റി നയമനുസരിച്ചുള്ള ഇളവുകൾ അനുവദിക്കുന്നതാണ്.

ഹോം നഴ്സുമാരും വീട്ടുജോലിക്കാരും നേരിടുന്ന പീഡനങ്ങൾക്കെതിരെ നടപടി

9 (*279) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോം നഴ്സുമാരെയും വീട്ടുജോലിക്കാരെയും ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സ്ഥാപനങ്ങൾ മുഖേന ജോലി ലഭിക്കുന്ന സ്ത്രീകളും പെൺകുട്ടികളും ജോലി സ്ഥലത്ത് പീഡനങ്ങൾക്കിരയാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം പരാതികളിൻമേൽ അന്വേഷണം നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സാമൂഹ്യക്ഷേമ വകുപ്പിൽ എന്തു സംവിധാനമാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഹോം നഴ്സുമാരും വീട്ടുജോലിക്കാരും ഉൾപ്പെട്ട സ്ത്രീപീഡന കേസ്സുകളിൽ അനുകൂലസമീപനം ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത്തരം കേസ്സുകളിൽ പരാതിക്കാർക്ക് നീതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

+ അനുബന്ധം-I

LIBRARY ARCHIVES Kerala Legislative Assembly

(3) ഭക്ഷ്യസബ്സിഡി നിലനിർത്തി റേഷൻ സമ്പ്രദായം തുടരണമെന്ന ആവശ്യം

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, "ഭക്ഷ്യ സബ്സിഡി പിൻവലിക്കുവാനും റേഷൻ സംവിധാനം പരിമിതപ്പെടുത്തുവാനും കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്ന നടപടിയുടെ ഭാഗമായി പൊതുവിതരണ കേന്ദ്രങ്ങൾ വഴി നൽകിക്കൊണ്ടിരിക്കുന്ന ഗുണനിലവാരം കുറഞ്ഞ അരിയുടെ വില ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് നാലു രൂപയിൽ നിന്നും ആറര രൂപയായും, ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്ക് ഒൻപതു രൂപ അറുപതു പൈസയിൽ നിന്നും പന്ത്രണ്ട് രൂപയായും ഉയർത്തുവാനുള്ള നിർദ്ദേശം പൊതുവിപണിയിൽ അരിയുടെ വില കുതിച്ചുയരുന്നതിനും സംസ്ഥാനത്ത് നിലവിലുള്ള റേഷൻ സമ്പ്രദായം തകരുന്നതിനും ഇടയാക്കുമെന്നതിനാൽ ഈ തീരുമാനം ഉപേക്ഷിക്കണമെന്നും ഭക്ഷ്യസബ്സിഡി നിലനിർത്തി നിലവിലുള്ള റേഷൻ സമ്പ്രദായം തുടരുവാനുള്ള നടപടി കൊക്കൊള്ളണമെന്നും ഈ സഭ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. രാജു : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിച്ചു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 മാർച്ച് 6-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്ക് ശേഷം 12.30-ന് പിരിഞ്ഞു).

അനുബന്ധം I

3.3.2000-ത്തിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 8(*278) ദയവായി കാണുക

വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ വ്യവസായനയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(1) ത്രസ്റ്റ് വിഭാഗത്തിൽപ്പെട്ട വ്യവസായങ്ങൾക്കുള്ള സബ്സിഡി റബറധിഷ്ഠിത വ്യവസായം, കാർഷികാനുബന്ധവ്യവസായം, ഫുഡ്പ്രോസസിംഗ്, വസ്ത്രനിർമ്മാണം വിനോദസഞ്ചാരം, ആയുർവേദമരുന്നുകൾ, മൈനിംഗ്, സമുദ്രോൽപ്പന്നങ്ങൾ, ലഘു എഞ്ചിനീയറിംഗ്, ബയോടെനോളജി, 100% കയറ്റുമതി ലക്ഷ്യമാക്കിയുള്ള ലഘു, ചെറുകിട, ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് (പുതുതായി തുടങ്ങുന്നവയ്ക്കു മാത്രം) സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% അല്ലെങ്കിൽ 15 ലക്ഷം രൂപാ ഏതാണ് കുറവ് അത്രയും നൽകും.

ഇടുക്കി, വയനാട് തുടങ്ങിയ പിന്നോക്ക ജില്ലകളിൽ പുതുതായി ആരംഭിക്കുന്ന ത്രസ്റ്റ് (മുൻഗണനാ) വ്യവസായങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 25% അല്ലെങ്കിൽ 25 ലക്ഷം രൂപ ഏതാണോ കുറവ് അത്രയും നൽകും.

LIBRARY ARCHIVES Kerala Legislative Assembly

2. മറ്റു വ്യവസായങ്ങൾക്കുള്ള നിക്ഷേപ സബ്സിഡി.

സർക്കാർ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങളൊഴികെ മറ്റു ഏതുതരം വ്യവസായങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% അല്ലെങ്കിൽ പരമാവധി 5 ലക്ഷം രൂപാ ഏതാണ് കുറവ് അത്രയും നിക്ഷേപ സബ്സിഡി ഇനത്തിൽ നൽകും.

എന്നാൽ ഇടുക്കി, വയനാട് എന്നീ ജില്ലകളിലും സർക്കാർ പ്രത്യേകമായി പ്രഖ്യാപിച്ചിട്ടുള്ള ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലും, പാർക്കുകളിലും ആരംഭിച്ചിട്ടുള്ള മേൽ വിവരിച്ച തരത്തിലുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് പരമാവധി 10 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ നൽകും.

3. നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ വൈവിധ്യവൽക്കരണം/വികസനം/ആധുനികവൽക്കരണം എന്നിവയ്ക്കുള്ള സബ്സിഡി.

നിലവിലുള്ള വ്യവസായങ്ങളുടെ വൈവിധ്യവൽക്കരണം/ആധുനികവൽക്കരണം/ വികസനം എന്നിവ നടത്തുമ്പോഴും മേൽ വിവരിച്ച തരത്തിലുള്ള സബ്സിഡി ലഭിക്കുന്നതിന് അർഹതയുണ്ട്.

4. പ്രത്യേക വിഭാഗത്തിലുള്ള വ്യവസായ സംരംഭകർക്കുള്ള അഡീഷണൽ സബ്സിഡി.

മേൽ വിവരിച്ച തരത്തിലുള്ള സബ്സിഡികൾക്കു പുറമേ സ്ഥിരമൂലധനത്തിന്റെ 5% അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപവരെ താഴെ പറയുന്ന സംരംഭകർ ആരംഭിക്കുന്ന ചെറുകിട ലഘു വ്യവസായ സ്ഥാപനങ്ങൾക്ക് നൽകുന്നു.

എ. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ

ബി. സ്ത്രീകൾ

സി. വികലാംഗർ

ഡി. വിമുക്തഭടന്മാർ

5. ജനറേറ്റർ സബ്സിഡി

ക്യൂപ്റ്റീവ് ജനറേറ്റർ യൂണിറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ ഇപ്പോൾ നൽകിവരുന്ന തോതിലുള്ള സബ്സിഡി, ഗുരുതരമായ വൈദ്യുതി പ്രതിസന്ധി നിലവിലുള്ളതുവരെ തുടരുന്നതാണ്.

6. <u>മാർജിൻ മണി ലോൺ</u>. സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും (നെഗറ്റീവ് ലിസ്റ്റിൽ പെടാത്തവ) മാർജിൻമണി ലോൺ ഒരു ലക്ഷം രൂപയിൽ നിന്നും 2.5 ലക്ഷം രൂപയാക്കി ഉയർത്തി. അതുപോലെതന്നെ ഇതിന്റെ വാർഷികപലിശ നിരക്ക് 11½% ത്തിൽ നിന്നും 9% ആയി കുറവ് ചെയ്തു.

സാങ്കേതിക വൈദഗ്ധ്യമുള്ള പ്രവാസി മലയാളികൾക്ക് കേരളത്തിൽ തുടങ്ങുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കായി മേൽപ്പറഞ്ഞ പലിശനിരക്കിൽ തന്നെ പരമാവധി 5 ലക്ഷം രൂപ വരെ നൽകും.

7. <u>നികുതി-ഡ്യൂട്ടി ഇളവുകൾ</u>. എല്ലാ പുതിയ വ്യവസായ സംരംഭങ്ങൾക്കും ഉൽപ്പാദനമാരംഭിച്ച് 7-വർഷത്തേയ്ക്ക് അല്ലെങ്കിൽ സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 100% ഏതാണ് കുറവ് അത്രയും തുക വിൽപ്പന നികുതിയിനത്തിൽ ഇളവ് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. റിവ്യൂവബിൾ സോഴ്സ് ഓഫ് എനർജി ഉപയോഗിക്കുന്നതിനുള്ള ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിനോ/ഡീസൽ ജനറേറ്റർ സെറ്റുകളിൽ മലിന പ്രതിരോധ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനോ ഉള്ള പ്രോത്സാഹനം.

ഇപ്പോൾ നിലവിലുള്ളതും പുതിയതുമായ എല്ലാ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും പുതിയ ഊർജ്ജ ശ്രോതസ്സ് ഉപയോഗിക്കാൻ പറ്റിയ ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിന് അത്തരം നിക്ഷേപത്തിന്റെ 15% തുകയോ പരമാവധി 5 ലക്ഷം രൂപയോ അധികമായി നൽകുന്നു. അതുപോലെ തന്നെ ഡീസൽ ജനറേറ്റർ സെറ്റുകളിൽ മലിനീകരണ പ്രതിരോധ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് അത്തരം നിക്ഷേപത്തിന്റെ 10% പരമാവധി 25000 രൂപ നൽകുന്നു.

9. (എ) സംസ്ഥാന ജില്ലാ തലങ്ങളിൽ ടെക്നിക്കൽ കൺസൾട്ടൻസി സെല്ലുകൾ രൂപീകരിക്കുന്നതാണ്.

(ബി) ത്രസ്റ്റ് സെക്ടറിൽ സാങ്കേതിക മുന്നേറ്റത്തിന് പ്രത്യേക കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതാണ്.

(സി) വ്യവസായ അസോസിയേഷനുകളുമായി ചേർന്ന് പൊതു സൗകര്യങ്ങൾ ഉണ്ടാക്കുന്നതാണ്.

(ഡി) സാങ്കേതിക മുന്നേറ്റം ആധുനികവൽക്കരണം എന്നിവ ചെയ്യുന്ന ചെറുകിട വ്യവസായങ്ങൾക്ക് ടി.എം. എഫിന്റെ പലിശയുടെ ഒരു വിഹിതം സബ്സിഡിയായി നൽകുന്നതാണ്.

(ഇ) വ്യവസായ ഗവേഷണ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്വകാര്യ സ്ഥാപനങ്ങളെ വ്യവസായ മേഖലകളിൽ കുറഞ്ഞ നിരക്കിൽ സ്ഥലം നൽകി പ്രോത്സാഹിപ്പിക്കും.

10 വനിതകൾക്കുള്ള പ്രത്യേക പ്രോത്സാഹനമെന്ന നിലയിൽ കൂട്ടുകുടുംബ സംരംഭം എന്ന പുതിയ പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. നിലവിലുള്ള വനിതാ വ്യവസായ പദ്ധതിയിലെ വിവിധ ആനുകൂല്യങ്ങൾ താഴെ പറയും പ്രകാരം വർദ്ധിപ്പിക്കുന്നതാണ്.

മെഷിനറി ഗ്രാന്റ് പരമാവധി 75000/- രൂപ, കെട്ടിട ഗ്രാന്റ് പരമാവധി 50,000 രൂപ മാനേജർ-എക്സ്പേർട്ട് ഇവരുടെ ശമ്പളം പ്രതിമാസം 750 കണക്കാക്കി 4 വർഷം ടാപ്പറിംഗ് അനുപാതത്തിലും പരിശീലനത്തിലേർപ്പെട്ടിട്ടുള്ളവർക്ക് പ്രതിമാസ സ്റ്റൈപെന്റ് 500 രൂപയായും വർദ്ധിപ്പിക്കും.

കൂടാതെ വനിതാ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം പരമാധി 250000 രൂപയിൽ നിന്നും 3,50,000 രൂപയായി വർദ്ധിപ്പിക്കും.

11. രോഗാതുര വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കും.

12. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളെ ഉൾപ്പെടുത്തി വ്യവസായ വികസന കമ്മറ്റികൾ രൂപീകരിക്കും.

അനുബന്ധം II

3.3.2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 52 (1396) ദയവായി കാണുക

THE HIGH COURT OF KERALA AT ERNAKULAM

LIBRARY ARCHIVES Kerala Legislative Assembly